15-10-2026

Point of Order

ക്രമപ്രശ്നം

കിഫ്ബി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് വളരെ രഹസ്യ സ്വഭാവമുള്ള അല്ലെങ്കിൽ ക്യാബിനറ്റ് മാത്രം കണ്ട് അവതരിപ്പിച്ച് ടേബിളിൽ വയ്ക്കുന്നൊരു പേപ്പറാണ്. കിഫ്ബിയെ സംബന്ധിച്ചുള്ള റിപ്പോർട്ടാണ്. പക്ഷേ, അതിനകത്ത് എന്താണ് വരുന്നതെന്നുള്ളത് പത്രത്തിൽ ഇന്ന് വന്നിട്ടുണ്ട്. ഇന്നലെ ക്യാബിനറ്റിൽ വച്ചു, രണ്ട് പേജുള്ളൊരു നോട്ടുമാത്രമാണ് മന്ത്രിമാർക്ക് കൊടുത്തത്. അത് തിരിച്ചു വാങ്ങിച്ചു, സാധാരണ ചെയ്യുന്നതാണ്. ചില കാര്യങ്ങൾ പുറത്തേക്ക് കൊടുക്കില്ല. പക്ഷെ, ഇന്നത്തെ പത്രങ്ങളിൽ എന്റെ കയ്യിൽ കേരള കൗമുദിയാണിരിക്കുന്നത് (കേരള കൗമുദി പത്രത്തിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു) മറ്റുചില പത്രങ്ങളിലും കണ്ടു. ഈ റിപ്പോർട്ടിനകത്തുള്ള എല്ലാ കാര്യങ്ങളുമെന്ന നിലയിൽ കുറേയേറെ കാര്യങ്ങൾ ഈ പത്ര റിപ്പോർട്ടിലുണ്ട്. അസംബ്ലിയുടെ മുന്നിൽ മാത്രം വയ്ക്കേണ്ട രേഖ, ആ രേഖയ്ക്കകത്തുള്ള കാര്യങ്ങൾ, ഇത് സഭയുടെ ഒരു പ്രിവിലേജ് ആണല്ലോ; സഭയ്ക്ക് അകത്ത് വയ്ക്കുന്നത് അവിടെ മാത്രമേ കാണൂ. സി&എ.ജി. റിപ്പോർട്ടുമുതൽ മറ്റ് കാര്യങ്ങൾ, ബജറ്റിന്റെ സ്വഭാവം

നമുക്കറിയാം. അതുപോലെ ക്യാബിനറ്റ് അംഗീകരിച്ച് ഇവിടെ മാത്രം വയ്ക്കേണ്ടൊരു രേഖ പത്രങ്ങളിൽ ഇങ്ങനെ അച്ചടിച്ചുവന്നാൽ പിന്നെയെന്തിനാണ് രേഖയിങ്ങനെ വയ്ക്കുന്നത്? നമുക്കെല്ലാം കിട്ടുമല്ലോ, കിട്ടിയല്ലോ. അതാണതിന്റെ സ്ഥിതി. നമ്മുടെ പാർലമെന്ററി പ്രൊസീജ്യർ, നിയമസഭയുടെ പൊതുവിലെ അന്തസ്, രഹസ്യ സ്വഭാവം എന്നിവ പാലിക്കുന്നതനുസരിച്ച് ക്യാബിനറ്റിലെ കാര്യം പുറത്തുവന്നു എന്നൊരു ആശങ്കയുണ്ട്. അതിനെ സംബന്ധിച്ച് അങ്ങ് അഭിപ്രായം പറയുമെന്ന് കരുതുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഒന്നാമതായി ഈ രേഖ ഒരുസ്ഥലത്തും പുറത്ത് പോയിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മന്ത്രിസഭയിൽ വയ്ക്കുകയും അവരിൽനിന്ന് തിരിച്ച് വാങ്ങി ഈ ടേബിളിലാണ് വയ്ക്കുന്നത്. പത്രങ്ങളിൽ പല വാർത്തയും വരുന്നുണ്ട്. നേരത്തെതന്നെ കിഫ്ബിയെ റീ-സ്ട്രക്ചർ ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള കമ്മിറ്റി രൂപീകരിച്ച സമയത്ത് മന്ത്രിസഭാ തീരുമാനത്തെപ്പറ്റി പത്രക്കാരോട് പറഞ്ഞ കാര്യങ്ങളാണ് പത്രത്തിൽ വന്നിരിക്കുന്നത്. ഏതെല്ലാം കാര്യങ്ങളാണ് പരിശോധിക്കുന്നത്. ആ കാര്യങ്ങളാണ് ഇന്നത്തെ പത്ര റിപ്പോർട്ടിൽ വന്നിരിക്കുന്നത്. അല്ലാതെ കമ്മിറ്റി

റിപ്പോർട്ടല്ല. ഈ റിപ്പോർട്ടിൽ വന്നിട്ടുള്ള കാര്യങ്ങളല്ല വന്നിരിക്കുന്നത്. ഈ റിപ്പോർട്ടിൽ വന്നിരിക്കുന്ന കാര്യങ്ങളാണ് പത്രത്തിൽ വന്നിരിക്കുന്നതെന്ന് അങ്ങേയ്ക്ക് എങ്ങനെ പറയാൻ കഴിയും. റിപ്പോർട്ട് അങ്ങ് കണ്ടിട്ടില്ലലോ. പല കാര്യങ്ങളും മാധ്യമങ്ങൾ ഊഹത്തിലെഴുതുകയാണ്. അങ്ങ് ഇവിടെ ക്വാട്ട് ചെയ്തിരിക്കുന്ന വാർത്തയിൽതന്നെ അവർ എഴുതിയിരിക്കുന്നത് പ്രഖ്യാപിച്ച സമയത്തുള്ള കാര്യങ്ങളാണ്. എന്തിനാണ് ഈ കമ്മിറ്റി വച്ചിരിക്കുന്നതെന്ന ക്യാബിനറ്റിന്റെ തീരുമാനം ഞാൻ വിശദീകരിച്ചപ്പോഴുള്ള കാര്യങ്ങളാണ് അതിനകത്തെഴുതിയിരിക്കുന്നത്. അതിനുശേഷം അവർ പറഞ്ഞു ഇന്നയിന്ന കാര്യങ്ങളിൽ തീരുമാനമുണ്ടായേക്കും. ആ പറഞ്ഞ പല തീരുമാനങ്ങളും നേരത്തെ എടുത്ത് കഴിഞ്ഞതാണ്. അങ്ങ് മനോരമയുടെ പത്ര കട്ടിങ്ങാണ് ക്വാട്ട് ചെയ്തിരുന്നത്. കാരണം നേരത്തെ ഫിനാൻസിന് യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ഫിനാൻസിന് ഇപ്പോൾ ബന്ധമുണ്ട്. ഫിനാൻസ് അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് അതിന്റെ ഉത്തരവാദിത്വം. എക്സ്പെൻഡിച്ചർ സെക്രട്ടറിയാണ് അവിടത്തെ കാര്യങ്ങൾ നോക്കേണ്ടത്. അങ്ങയുടെ കാലത്ത് ഫിനാൻസിന്റെ ആകെയുള്ള ജോലി കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് തുക

അങ്ങോട്ട് കൊടുക്കുന്നതും കടം വീട്ടലും മാത്രമായിരുന്നു. അവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്നുള്ളത് ധനകാര്യ വകുപ്പിന് ഒരു പിടിയുമുണ്ടായിരുന്നില്ല. ഈ കമ്മിറ്റി റിപ്പോർട്ട് വരുന്നതിന് മുമ്പുതന്നെ ഞങ്ങൾ അതുമാറ്റി. കിഫ്ബിക്ക് ധനകാര്യ വകുപ്പുമായി ബന്ധമുണ്ടാകും. പ്രത്യേകമൊരു എംപവർ അല്ലെന്ന് ഞാൻ നേരത്തെ പറഞ്ഞകാര്യമാണ് അതിലുള്ളത്. അല്ലാതെ കമ്മിറ്റി റിപ്പോർട്ടിലുള്ള കാര്യമല്ല. കമ്മിറ്റി റിപ്പോർട്ട് വായിക്കുമ്പോൾ അങ്ങേക്ക് പൂർണമായും ബോധ്യമാകും. കമ്മിറ്റി റിപ്പോർട്ട് ഒരു കാരണവശാലും പുറത്ത് പോയിട്ടില്ല.